AIM HIGH, TOGETHER WE FLY

# THE VILLAGE
INTERNATIONAL SCHOOL

"We Nurture Dreams"

രണ്ടു ടാക്സിക്കാർ

## ANSWER KEY

**1.**വെറുപ്പ്
**2.**ഉണങ്ങിയ
**3.**പതുക്കെ
**4.**അസാധാരണം
**5.**ഇപ്പുറം
**6.**ജോലി
**7.**വഴിയാത്രികർ
**8.**ഉറപ്പ്
**9.**ഉന്നത കുലത്തിൽ ജനിച്ചവർ
**10.**ആദരപൂർവം നൽകൽ
**11.**നിത്യചൈതന്യ യതിയുടെ മരണമെന്ന വാതിലിനപ്പുറം എന്ന കൃതിയിൽ നിന്നെടുത്ത പാഠഭാഗമാണ് രണ്ടു ടാക്സിക്കാർ. യതിയുടെ കൽക്കട്ട യാത്രയിൽ ട്രെയിൻ പോയപ്പോൾ അതിനെ പിന്തുടരാൻ രാംഗോപാൽ മിശ്ര എന്ന ടാക്സി ഡ്രൈവറെ കൂടെ കൂട്ടുന്നു.യതിക്ക് എന്ത് സഹായം ചെയ്തു കൊടുക്കാനും രാംഗോപാൽ മിശ്ര തയാറാവുന്നു.ട്രെയിൻ പിടിക്കാൻ ടാക്സിയിൽ പോകാം എന്ന് പറയുന്ന യതിയോട് ഡ്രൈവർ പറയുന്ന വാക്കുകളാണിവ. മനുഷ്യ സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണ് ഇവിടെ രാംഗോപാൽ മിശ്ര. ആപത്തിൽ അന്യോന്യം തുണക്കാനാണ് ദൈവം മനുഷ്യന് വിവേകം നൽകിയിരിക്കുന്നത് എന്ന വിശാലമായ കാഴ്ചപ്പാട് പിന്തുടരുന്ന ഒരു സാധാരണക്കാരനാണ് ഈ ടാക്സി ഡ്രൈവർ
**12.** ബോംബെ പട്ടണത്തിലെ ഒരു ടാക്സി ഡ്രൈവർ ജർമൻ തത്വചിന്തകൻ ആയ ഇമ്മാനുവൽ കാന്റിന്റെ പുസ്തകത്തിൽ നിന്നും ഒരു വാക്യം തെറ്റുകൂടാതെ പറയുന്നത് കേട്ടപ്പോൾ നിത്യചൈതന്യയതി അതിശയിച്ചുപോയി. അയാൾ വെസ്റ്റേൺ ഫിലോസഫി എങ്ങനെയാണു പഠിച്ചത് എന്ന് അറിയാനുള്ള കൗതുകം കൊണ്ടാണ് യതി ടാക്സി റോഡരികിൽ ചേർത്ത് നിർത്തിച്ചിട്ട് ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചത്
**13.** ഇന്ത്യ പാകിസ്ഥാൻ വിഭജന സമയത്ത് കർത്താർ സിംഗിന്റെ അച്ഛനും ചേട്ടനും വധിക്കപ്പെട്ടു എന്നാൽ അമ്മ എങ്ങനെയോ രക്ഷപെട്ടു ജീവരക്ഷാർഥം ബോംബയിൽ എത്തിയ അദ്ദേഹത്തിന്റെ ജീവിതത്തിനു ഒരു അർഥം നൽകിയത് അമ്മയെ പരിചരിക്കുന്നതിനുള്ള സന്തോഷമായിരുന്നു അമ്മയോട് അദ്ദേഹത്തിനുള്ള ഭക്തിയും സ്നേഹവും ശ്രദ്ധയും മറ്റൊരാളുമായി പങ്ക്‌വാക്കാൻ കാർതാർ സിഗ് ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണ് അയാൾ വിവാഹം കഴിക്കേണ്ടെന്ന് തീരുമാനിച്ചത്
**14.** ഡൽഹിയിൽ നിന്നും കൽക്കട്ടയിലേക്കുള്ള യാത്ര മദ്ധ്യേ ചില്ലറ വാങ്ങാനായി വാരണാസിയിൽ ഇറങ്ങിയപ്പോൾ സ്റ്റേഷനിൽ നിന്നും തീവണ്ടി വിട്ടുപോയി യതിയുടെ വിലപ്പെട്ട പുസ്തകങ്ങളും പണവും കിടക്കയും എല്ലാം തീവണ്ടിക്കുള്ളിലെ ബാഗിലായിരുന്നു

എല്ലാം നഷ്ടപ്പെട്ട്  എന്തു ചെയ്യണം എന്ന് അറിയാത്ത അവസ്ഥയിൽ നിൽക്കുന്ന യതിയുടെ നിസ്സഹായ അവസ്ഥ ഈ വാക്കുകളിലൂടെ പ്രകടമാക്കുന്നു

**15.** കർത്താർ സിഗ് എന്ന ഡ്രൈവറെക്കുറിച്ചുള്ള പരാമർശം ആണിത് ഇന്ത്യ പാകിസ്ഥാൻ വിഭജന സമയത്ത് കർത്താർ സിംഗിന്റെ അച്ഛനും ചേട്ടനും വധിക്കപ്പെട്ടു എന്നാൽ അമ്മ എങ്ങനെയോ രക്ഷപെട്ടു ജീവരക്ഷാർഥം ബോംബയിൽ എത്തി ടാക്സി ഡ്രൈവർ ആയി ജീവിതം തുടങ്ങിയ കർത്താർ സിഗ് പത്തു വര്ഷത്തിനിടക്ക്  ഒരു ഫ്ലാറ്റും സ്വന്തമായി മൂന്നു നാല് ടാക്സികളും വാങ്ങി. കഠിനാധ്വാനവും പ്രതിസന്ധികളിൽ തളരാത്ത മനസ്സുമാണ് കർത്താർസിങ്ങിന്റെ ജീവിതവിജയത്തിനാധാരം. വിദ്യാസമ്പന്നനായിട്ടും ടാക്സി ഡ്രൈവറായി ജോലി ചെയ്തു. ഏത് തൊഴിലിനും അതിന്റേതായ മഹത്വമുണ്ടെന്നും ഏത് പ്രതിസന്ധികളെയും മനഃസ്ഥൈര്യത്തോടെ നേരിടണമെന്നും കർത്താർസിങ്ങിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു

**16.SEE THE ANSWER 13&15**